**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**ബുള്ളറ്റിൻ ഭാഗം -II**

**2019 ജൂൺ, 12**

നമ്പർ: 670

2019 -ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ (ബിൽ നം. 192) കേരള നിയമസഭയിൽ അവതരിപ്പിച്ച വേളയിൽ ബഹു. സ്പീക്കർ 28.05.2019-ന് നൽകിയ റൂളിംഗിന്റെ അടിസ്ഥാനത്തിൽ നിയമവകുപ്പിൽ നിന്ന് ലഭിച്ച പുതുക്കിയ ധനകാര്യ മെമ്മോറാണ്ടം ബഹു. അംഗങ്ങളുടെ അറിവിലേക്കായി ചുവടെ ചേർക്കുന്നു.

**<u>ശുദ്ധിപത്രം</u>**

**ധനകാര്യ മെമ്മോറാണ്ടം**

" 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള) പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും ആക്റ്റിലെ മൂന്നാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട പ്രവേശനവും ഫീസ് നിയന്ത്രണവും സമിതിയെ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി WP(c) 30032/17-ാം നമ്പർ കേസിൽ പുറപ്പെടുവിച്ച വിധിന്യായത്തിലെ നിർദ്ദേശം സ്വീകരിച്ചുകൊണ്ട്, പ്രവേശന മേൽനോട്ട സമിതി, ഫീസ് നിയന്ത്രണ സമിതി എന്നീ രണ്ട് സമിതികളാക്കുന്നതിനായി ആക്റ്റിൽ ഭേദഗതികൾ കൊണ്ടു വരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ. ഭേദഗതി ചെയ്യപ്പെടുന്ന വ്യവസ്ഥകൾ പ്രകാരം രൂപീകരിക്കപ്പെടുന്ന രണ്ട് സമിതികളുടെയും പ്രവർത്തനങ്ങളും ചുമതലകളും പരസ്പരബന്ധിതമായതിനാലും രണ്ട് സമിതികളിലെയും ചില അംഗങ്ങൾ പൊതുവായതോ അല്ലെങ്കിൽ ഒരേ പോലെയുള്ള ഒരു സമിതിയോ ആകാം എന്ന് ബഹു. കോടതി മേൽപ്പറഞ്ഞ വിധിന്യായത്തിലെ 67-ാം ഖണ്ഡികയിൽ നിരീക്ഷിച്ചിട്ടുള്ളതിനാലും റിട്ടയർ ചെയ്ത ഒരേ ജഡ്ജിയെ തന്നെ രണ്ട് സമിതികളിലെയും ചെർപേഴ്സണായി നിയമിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതുപോലെ തന്നെ ഇരു സമിതികളിലേക്കും നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഇന്ത്യൻ മെഡിക്കൽ കൗൺസിലിൽ

നിന്നുള്ള പ്രതിനിധിയും ഒരേ വ്യക്തിതന്നെ ആയിരിക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. മാത്രമല്ല പ്രധാന ആക്റ്റ് പ്രകാരം രൂപീകൃതമായ പത്ത് അംഗ സമിതിയെ ഭേദഗതി പ്രകാരം രണ്ട് സമിതികളാക്കുമ്പോഴും നിലവിലുള്ള ആകെ അംഗങ്ങളുടെ എണ്ണത്തിലും യോഗ്യതയിലും പ്രകടമായ വ്യത്യാസം ഉണ്ടാകുന്നില്ല. അതായത്, ഉന്നത വിദ്യാഭ്യാസ സെക്രട്ടറി, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ പുതുതായി രൂപീകരിക്കപ്പെടുന്ന സമിതികളിൽ ഉൾപ്പെടുന്നില്ല. ആരോഗ്യ വകുപ്പ് സെക്രട്ടറി രണ്ട് സമിതികളിലും അംഗമായി തുടരും.

സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ചാർട്ടേർഡ് അക്കൗണ്ടന്റിനെ കൂടാതെ രണ്ട് അനൗദ്യോഗിക അംഗങ്ങൾ കൂടിയാണ് മുൻ സമിതിയിൽ ഉണ്ടായിരുന്നത്. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദ്യാഭ്യാസ വിദഗ്ധനും പട്ടികജാതിയിലോ പട്ടിക ഗോത്ര വർഗ്ഗ സമുദായത്തിലോ പെട്ട ഒരു വിദ്യാഭ്യാസ വിദഗ്ധനും ആണ് ആ അംഗങ്ങൾ. ഈ അംഗങ്ങളെ പുതുതായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന ഓരോ സമിതികളിലായി ഉൾപ്പെടുത്തുന്നു. അപ്രകാരം സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുമ്പോൾ മുൻ സമിതികൾ പ്രവർത്തിക്കുമ്പോൾ ഉണ്ടായിരുന്ന ചെലവിനെക്കാൾ യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

രണ്ടു സമിതികളുടെയും പ്രവർത്തനങ്ങൾ രണ്ടു വ്യത്യസ്ത സമയക്രമങ്ങളിലായതിനാൽ അവയുടെ പ്രവർത്തനത്തിനായി കൂടുതൽ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയമിക്കേണ്ടി വരുന്നില്ല. നിലവിലുള്ള ഉദ്യോഗസ്ഥരും ജീവനക്കാരും മതിയാകുന്നതാണ്. ആയതിനാൽ ആ ഇനത്തിലും സർക്കാരിന് അധിക ചെലവ് ഉണ്ടാകുന്നതല്ല.

മേൽപ്പറഞ്ഞ കാര്യങ്ങൾ വ്യക്തമായി ബില്ലിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ ഔദ്യോഗിക ഭേദഗതികൾ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല."

സി. ജോസ്,
സെക്രട്ടറി -ഇൻ-ചാർജ്.